പുതുതായി പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയ സ്ഥാപനങ്ങൾ

31 [1861] *ശ്രീ. പി. എസ്. സുപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ശമ്പള പരിഷ്കരണത്തിനുശേഷം സംസ്ഥാനത്ത് ഏതെല്ലാം സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; ഈ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ അനുവദിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഈ കാലയളവിൽ പെൻഷൻ അനുവദിക്കുന്നതിനുവേണ്ടി ഏതെല്ലാം സ്ഥാപനങ്ങളുടെ അപേക്ഷകളാണ് സർക്കാരിന് ലഭിച്ചിരുന്നത്;

(സി) ഈ സ്ഥാപനങ്ങളിൽക്കൂടി പെൻഷൻ പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട ഭരണ വകുപ്പുകളിൽ നിന്നും ശേഖരിച്ചു വരികയാണ്.

(ബി) റീജിയണൽ കാൻസർ സെന്റർ, ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പ്, ബിവറേജസ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളിൽ നിന്നും ധനകാര്യ വകുപ്പിൽ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(സി) ഇതിൽ റീജിയണൽ കാൻസർ സെന്ററിന്റെയും ബിവറേജസ് കോർപ്പറേഷന്റെയും അപേക്ഷകൾ നിരാകരിച്ചു. ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിന്റെ അപേക്ഷ പരിശോധിച്ചു വരികയാണ്.

കണ്ണൂർ ജില്ലാ ട്രഷറിയിൽ നിന്നും പഞ്ചായത്തുകൾക്ക് മെയിന്റനൻസ് ഗ്രാന്റ് തുക മാറി നൽകാത്ത നടപടി

32 [1862] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലാ ട്രഷറിയിൽ നിന്നും നിരവധി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ വർഷം ജൂൺ 30-ന് അവരുടെ മെയിന്റനൻസ് ഗ്രാന്റ് ബില്ലുകൾ സാങ്കേതിക കാരണം പറഞ്ഞ് പാസ്സാക്കി നൽകിയില്ലെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ സർക്കാർതല അന്വേഷണം നടത്തുമോ;

(സി) മെയിന്റനൻസ് ഗ്രാന്റ് പഞ്ചായത്തുകൾക്ക് മാറി നൽകുന്നതിന് സർക്കാർ നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly